# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.2398 — 19/07/16-ൽ മറുപടിക്ക്

### പുതിയ എംപാർക്കേഷൻ പോയിന്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ.കെ.ടി.ജലീൽ (ബഹു.തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാന ഹജ്ജ് കമ്മിറ്റി വഴി ഹജ്ജിനുപോകുന്ന തീർത്ഥാടകരുടെ സൗകര്യാർത്ഥം കൂടുതൽ എംപാർക്കേഷൻ പോയിന്റുകൾ സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>ബി) കോഴിക്കോട് നിലവിലുണ്ടായിരുന്ന എംപാർക്കേഷൻ പോയിന്റ് നിലനിർത്തി കൊച്ചിയിൽ ഉൾപ്പെടെ പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (എ) യും (ബി)യും<br>കോഴിക്കോട് വിമാനത്താവളമാണ് 2014 വരെ ഹജ്ജിനുള്ള എമ്പാർക്കേഷൻ പോയന്റായി ഉപയോഗിച്ചിരുന്നത്. എന്നാൽ 2015ൽ കോഴിക്കോട് വിമാനത്താവളത്തിൽ അറ്റകുറ്റ പണികൾ നടക്കുന്നതിന്റെ ഭാഗമായി വലിയ വിമാനങ്ങൾ നിരോധിക്കുകയും ചെറിയ വിമാനങ്ങൾക്ക് സമയ ക്രമമേർപ്പെടുത്തുകയും ചെയ്തു. ഇതിനാൽ 2015 ലേയും 2016-ലേയും ഹജ്ജ് എമ്പാർക്കേഷൻ പോയന്റ് നെടുമ്പാശ്ശേരി വിമാനത്താവളമാണ്. കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾ ലാന്റ് ചെയ്യുന്നതിന് നിയമം നിഷ്ക്കർഷിക്കുന്ന സൗകര്യം നിലവിൽ ഇല്ലെന്നാണ് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ നിലപാട്. കേരള സംസ്ഥാനത്തിന് ഒരു എമ്പാർക്കേഷൻ പോയന്റാണ് അനുവദിച്ചിട്ടുള്ളത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ